***നം. റ്റി1/74315/2010***
പോലീസ് ആസ്ഥാനം
കേരളം, തിരുവനന്തപുരം
തീയതി. 12/07/2011

## സർക്കുലർ നമ്പർ 19 / 2011

വിഷയം: **" സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി " – ഭരണ നിർവ്വഹണത്തിനായി തയ്യാറാക്കിയിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ – സംബന്ധിച്ച്.**

1. കേരള സർക്കാർ ഉത്തരവ് (പി) നമ്പർ 121/10/ആഭ്യന്തരം തീയതി 29 മേയ് 2010 പ്രകാരം പൗരബോധവും, ലക്ഷ്യബോധവും, സാമൂഹ്യപ്രതിബദ്ധതയും, സേവനസന്നദ്ധതയുമുള്ള ഒരു യുവജനതയെ വാർത്തെടുക്കുന്നതിനായി സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പിലാക്കുന്നതിനായി ഉത്തരവിട്ടിട്ടുള്ളതാണ്.

2. വിദ്യാഭ്യാസം, വനം, എക്സൈസ്, മോട്ടോർ വാഹനം, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുടെ സഹായ സഹകരണത്തോടെ കേരളാ പോലീസ് നടപ്പാക്കി വരുന്ന സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി ചുവടെ പറയുന്ന ഭരണപരമായ നടപടികൾ ആവശ്യമാണ്.

3. സംസ്ഥാന പോലീസ് മേധാവി ചെയർമാനും, പൊതുവിദ്യാഭ്യാസ സെക്രട്ടറി കൺവീനറും, ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ, ഹയർ സെക്കന്ററി ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടർ, എൻ.എസ്.എസ് സംസ്ഥാന ലെയ്സൺ ഓഫീസർ, വനം, എക്സൈസ്, മോട്ടോർ വാഹനം, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുടെ മേധാവികൾ എന്നിവർ അംഗങ്ങളായ സംസ്ഥാന തല ഉപദേശക സമിതി പദ്ധതി നടത്തിപ്പിനായി രൂപീകരിച്ചിട്ടുണ്ട്.

4. ജില്ലാ കളക്ടർ രക്ഷാധികാരിയും, ജില്ലാ പോലീസ് മേധാവി ചെയർമാനും കോർപ്പറേഷൻ / മുൻസിപ്പാലിറ്റി / ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, ആർ.ഡി.സി. (എച്ച്.എസ്.എസ്), അസി. ഡയറക്ടർ (വി.എച്ച്.എസ്.സി), വനം, എക്സൈസ്, മോട്ടോർ വാഹനം, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവയുടെ ജില്ലാ തല അധികാരികൾ അംഗങ്ങളുമായ ജില്ലാ ഉപദേശക സമിതികൾ എല്ലാ പോലീസ് ജില്ലകളിലും രൂപീകരിക്കേണ്ടതാണ്.

5. സ്കൂൾ പ്രിൻസിപ്പാൾ, സ്ഥലം പോലീസ് സർക്കിൾ ഇൻസ്പെക്ടർ / പോലീസ് സബ് ഇൻസ്പെക്ടർ, പി.റ്റി.എ പ്രസിഡന്റ്, വിദ്യാഭ്യാസം, വനം, എക്സൈസ്, മോട്ടോർ വാഹന വകുപ്പുകളുടെ പ്രതിനിധികൾ, സ്ഥലത്തെ തദ്ദേശ സ്ഥാപനത്തിലെ വാർഡ് മെമ്പർ / കൗൺസിലർ, സ്റ്റാഫ് സെക്രട്ടറി എന്നിവർ അംഗങ്ങളായ സ്കൂൾ തല ഉപദേശക സമിതികൾ പദ്ധതി പ്രവർത്തിക്കുന്ന ഓരോ സ്കൂളിലും രൂപീകരിക്കേണ്ടതാണ്.

6. ഹൈസ്കൂൾ വിംഗ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയെ " സ്റ്റുഡന്റ് പോലീസ് കേഡറ്റ് – ഹൈസ്കൂൾ വിംഗ് " എന്നും, ഹയർസെക്കന്ററി തലത്തിൽ നടപ്പിലാക്കുന്ന പദ്ധതിയെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്നും വിളിക്കുന്നു.

7. അദ്ധ്യാപകരിൽ നിന്നും സ്കൂൾ അധികൃതർ തെരഞ്ഞെടുക്കുന്ന ഒരാൾ കമ്മ്യൂണിറ്റി പോലീസ് ഓഫീസർ ആയി സ്റ്റുഡന്റ് പോലീസ് കേഡറ്റ് നിലവിലുള്ള സ്കൂളിൽ പദ്ധതിയുടെ ഇൻചാർജ്ജ്

ആയി പ്രവർത്തിക്കുന്നു. സാമൂഹ്യ പ്രതിബദ്ധതയും, സേവന സന്നദ്ധതയുമുള്ള അദ്ധ്യാപിക –അദ്ധ്യാപകൻമാരിൽ നിന്നും ഒരാളെ കമ്മ്യൂണിറ്റി പോലീസ് ഓഫീസറായും, ഒരാളെ അഡീ. കമ്മ്യൂണിറ്റി പോലീസ് ഓഫീസറായും പ്രിൻസിപ്പാളിന് നിയോഗിക്കാവുന്നതാണ്. കമ്മ്യൂണിറ്റി പോലീസ് ഓഫീസർ, അഡീ. കമ്മ്യൂണിറ്റി പോലീസ് ഓഫീസർ എന്നിവരിൽ ഒരാൾ അദ്ധ്യാപികയായിരിക്കണം.

8. കലാലയവും പോലീസും തമ്മിലുള്ള ബന്ധം നിലനിർത്തുന്നതിനും, പദ്ധതിയുടെ സുഗമായ മേൽനോട്ടത്തിനുമായി സർക്കിൾ ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഒരു പോലീസ് ഉദ്യോഗസ്ഥനെ പോലീസ്–സ്റ്റുഡന്റ് ലെയ്സൺ ഓഫീസറായി ഓരോ സ്കൂളിനായും ജില്ലാ പോലീസ് മേധാവി ചുമതലപ്പെടുത്തേണ്ടതാണ്.

9. ഹൈസ്കൂളിലും, ഹയർസെക്കന്ററി സ്കൂളിലുമായി 500–ൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന സർക്കാർ / സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളെയായിരിക്കണം സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതികൾക്കായി തെരഞ്ഞെടുക്കേണ്ടത്. സ്കൂളുകൾ തെരഞ്ഞെടുക്കേണ്ട ചുമതല സംസ്ഥാന ഉപദേശക സമിതിക്കായിരിക്കും.

10. തൊട്ടു മുമ്പുള്ള വാർഷിക പരീക്ഷയിൽ ചുരുങ്ങിയത് C+ ഗ്രേഡ് (50% മാർക്ക്) നേടിയവരും, നിശ്ചിത ശാരീരിക യോഗ്യതയുള്ളവരും പ്രധാന അദ്ധ്യാപകന്റെ സ്വഭാവ സർട്ടിഫിക്കറ്റും, രക്ഷകർത്താവിന്റെ സമ്മത പത്രവും ഉള്ള വിദ്യാർത്ഥികളെയാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിലേക്ക് തെരഞ്ഞെടുക്കേണ്ടത്.

11. സംസ്ഥാന തലത്തിലേയും, ജില്ലാതലത്തിലേയും ഉപദേശക സമിതികളെ സഹായിക്കുന്നതിനും പദ്ധതിയുടെ നടത്തിപ്പിനുമായി സംസ്ഥാന തലത്തിൽ സീനിയർ പോലീസ് സൂപ്രണ്ട് റാങ്കിൽ കുറയാത്ത ഐ.പി.എസ് ഉദ്യോഗസ്ഥനെയും, ജില്ലാ തലത്തിൽ ഡി.വൈ.എസ്.പി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെയും നോഡൽ ഓഫീസർമാരായി നിയമിക്കുന്നതാണ്. അവരുടെ ഉപദേശനിർദ്ദേശങ്ങളിലും മേൽ നോട്ടത്തിലും ആണ് പദ്ധതി നടത്തേണ്ടത്.

12. ആഭ്യന്തരം, വിദ്യാഭ്യാസം, വനം, എക്സൈസ്, മോട്ടോർ വാഹനം, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുടെ പദ്ധതി വിഹിതത്തിൽ നിന്നും, റോഡ് സേഫ്റ്റി ഫണ്ട്, നിർദ്ദിഷ്ട രാഷ്ട്രീയ മദ്ധ്യമ ശിക്ഷക് അഭിയാൻ എന്നിവയിൽ നിന്നും സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ നടത്തിപ്പിനായുള്ള തുക കണ്ടെത്തേണ്ടതാണ്. കാലാകാലങ്ങളിൽ ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ പോലീസ് ആസ്ഥാനത്തു നിന്നും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും നല്കുന്നതാണ്.

13. പദ്ധതിയുടെ ഉദ്ദേശങ്ങൾ സാക്ഷാത്കരിക്കുന്നതിനും, കേഡറ്റുകളുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനും പര്യാപ്തമായ (1) കായിക പരിശീലനം (Outdoor Classes), (2) പഠന ക്ലാസുകൾ (Indoor Classes), (3) പ്രായോഗിക പരിശീലനം (Practical Training) എന്നിവ നിശ്ചിത പീരിയഡുകൾ നിശ്ചയിച്ച് ഓരോ അദ്ധ്യായനവർഷവും നടത്തേണ്ടതാണ്. ശരാശരി ഒരു വിദ്യാർത്ഥിയ്ക്ക് 130 മണിക്കൂർ അദ്ധ്യയനവും പരിശീലനവും വിഭാവനം ചെയ്യുന്നു.

14. അവധിക്കാല മിനിക്യാമ്പുകൾ അതാത് സ്കൂളുകളിൽ വച്ചു സംഘടിപ്പിക്കേണ്ടതാണ് . ജില്ലാ സായുധ ക്യാമ്പുകൾ, ബറ്റാലിയൻ ആസ്ഥാനങ്ങൾ, പോലീസ് ട്രെയിനിംഗ് കോളേജ് (തിരുവനന്തപുരം), കേരളാ പോലീസ് അക്കാദമി (തൃശൂർ) എന്നീ കേന്ദ്രങ്ങളിൽ എവിടെയെങ്കിലും വച്ച് 7 ദിവസം നീണ്ടു നിൽക്കുന്ന റസിഡൻഷ്യൽ സമ്മർ ക്യാമ്പുകൾ, ജില്ലാ അടിസ്ഥാനത്തിൽ സംഘടിപ്പിക്കാവുന്നതാണ്.

15. കാക്കി പാന്റ്, കാക്കി ഷർട്ട്, (Police Uniform), ബ്ലാക്ക് ഷൂ, കാക്കി സോക്സ്, ബ്ലാക്ക് ബെൽറ്റ്, ബ്ലൂ ബെറെ ക്യാപ്പ് എന്നിവയാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ യൂണിഫോം. കായിക പരിശീലന സമയത്ത് വെളുത്ത ടീഷർട്ടും, കറുത്ത പാന്റും, ക്യാൻവാസ് ഷൂവും ധരിക്കേണ്ടതാണ്.

16. ആദ്യവർഷത്തിൽ ഓരോ സ്കൂളിൽ നിന്നും 44 കുട്ടികളെ വീതം ഈ പദ്ധതിയിൽ പങ്കെടുപ്പിക്കണം. 22 പേർ വീതം അടങ്ങുന്ന പെൺക്കുട്ടികളടെ ഒരു പ്ലട്ടൂണും ആൺകുട്ടികളുടെ ഒരു പ്ലട്ടൂണുമാണ് തെരഞ്ഞെടുക്കേണ്ടത്.

17. സ്കൂൾ PTA fund, ബാങ്ക് / പൊതുമേഖാലാ സ്ഥാപനങ്ങളിൽ നിന്നുള്ള സ്പോൺസർഷിപ്പ് എന്നിവയിൽ കൂടിയും സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയ്ക്കുള്ള തുക കണ്ടെത്താവുന്നതാണ്.

18. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടത്തിപ്പിനുള്ള സംസ്ഥാന തല ഉപദേശകസമിയുടെ ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി SBT തിരുവനന്തപുരം മെയിൻ ബ്രാഞ്ചിൽ പോലീസ് ആസ്ഥാനത്തിന്റെ ചുമതലയുള്ള പോലീസ് ഇൻസ്പെക്ടർ ജനറലിന്റെയും, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി സംസ്ഥാനതല നോഡൽ ഓഫീസറുടേയും പേരിൽ സംയുക്തമായ അക്കൗണ്ട് തുടങ്ങുകയും സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ ഫണ്ട് സ്കൂൾ തലത്തിൽ കൈകാര്യം ചെയ്യുന്നതിന് തെരഞ്ഞെടുക്കപ്പെട്ട സ്കൂളിന്റെ അധികാരപരിധിയിൽ വരുന്ന സർക്കിൾ ഇൻസ്പെക്ടറുടെയും, സ്കൂളിന്റെ പ്രിൻസിപ്പിൽ/ ഹെഡ്മാസ്റ്ററുടെയും പേരിലുള്ള സംയുക്ത അക്കൗണ്ട് തുടങ്ങുകയും ചെയ്തിട്ടുണ്ട്.

19. ഭാവി സമൂഹത്തെ പടുത്തുയർത്തുവാനുള്ള ഒരു സംരംഭം എന്നുള്ള നിലയിൽ പദ്ധതിയുടെ നയരൂപീകരണത്തിലും, നടത്തിപ്പിലും യാതൊരുവിധ വിഭാഗീയതയും സങ്കുചിത താത്പര്യങ്ങളും കടന്നു കൂടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

20. കേരളാ പോലീസിലെ വിവിധ റാങ്കുകളിലുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് ഈ പദ്ധതി നടപ്പിലാക്കി വിജയിപ്പിക്കുന്നതിൽ പ്രധാന പങ്കു വഹിക്കാനുണ്ട്. അതിനായി ഓരോ റാങ്കിലുമുള്ള ഉദ്യോഗസ്ഥരുടെ പ്രധാന ചുമതലകൾ താഴെ കൊടുത്തിരിക്കുന്നു.

## <u>ജില്ലാ പോലീസ് മേധാവികൾക്കുള്ള ചുമതലകൾ</u>

1. സ്റ്റുഡൻറ് പോലീസ് പദ്ധതിയുടെ ജില്ലാ ഉപദേശക സമിതിയുടെ നടത്തിപ്പിൻെറ ഉത്തരവാദിത്തം ജില്ലാ പോലീസ് മേധാവിക്കായിരിക്കും. എല്ലാ അംഗങ്ങളുടേയും സാന്നിദ്ധ്യവും സഹകരണവും ജില്ലാ പോലീസ് മേധാവി ഉറപ്പു വരുത്തേണ്ടതാണ്.
2. ജില്ലാ ഉപദേശക കമ്മിറ്റി മീറ്റിങ്ങ് രണ്ടു മാസത്തിൽ ഒരു തവണയെങ്കിലും കൂടേണ്ടതാണ്.
3. ജില്ലാ ഉപദേശക കമ്മിറ്റി മീറ്റിങ്ങിൻെറ മിനിറ്റ്സ് സ്റ്റേറ്റ് നോഡൽ ഓഫീസർ മുഖാന്തിരം സംസ്ഥാന തല ഉപദേശക സമിതിക്ക് അയക്കേണ്ടതാണ്.
4. സ്റ്റുഡൻറ് പോലീസ് പദ്ധതിയുടെ ജില്ലയിലെ സുഗമമായ പ്രവർത്തനത്തിനായി വിദ്യാഭ്യാസ അധികൃതരുമായും മറ്റു ഉപദേശക സമിതി അംഗങ്ങളുമായും നിരന്തരം ബന്ധം പുലർത്തേണ്ടതാണ്.
5. എസ്.പി.സി പദ്ധതിക്കായി അനുവദിക്കുന്ന തുക ശരിയായ രീതിയിൽ തക്ക സമയത്ത് വിതരണം ചെയ്യേണ്ടതും ആയത് ശരിയായ വിധത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. എല്ലാ സ്കൂൾ വർഷവും അവസാനിച്ച ശേഷം പദ്ധതി നടപ്പാക്കിയ സ്കൂളിലെ പദ്ധതി സംബന്ധമായ കണക്കുകളും മറ്റ് അക്കൗണ്ടുകളും ആഡിറ്റ് ചെയ്തു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
6. ഡി.വൈ.എസ്.പി റാങ്കിൽ കുറയാത്ത അനുയോജ്യനായ ഒരു ഉദ്യോഗസ്ഥനെ എസ്.പി.സി പദ്ധതിയുടെ ജില്ലാ നോഡൽ ഓഫീസർ ആയി ശുപാർശ ചെയ്യേണ്ടതാണ്.
7. സേനയിലെ ഇൻസ്പെക്ടർ / സബ് ഇൻസ്പെക്ടർ റാങ്കിലുള്ള അനുയോജ്യനായ ഉദ്യോഗസ്ഥനെ അസിസ്റ്റൻറ് ജില്ലാ നോഡൽ ഓഫീസറായി നിയോഗിക്കേണ്ടതാണ്.
8. എ.എസ്.ഐ/സീനിയർ സി.പി.ഒ/സി.പി.ഒ റാങ്കിലുള്ള അനുയോജ്യരായ ഉദ്യോഗസ്ഥരെ ഡ്രിൽ ഇൻസ്ട്രക്ടർമാരായി നിയോഗിക്കേണ്ടതാണ്. ഡ്രിൽ ഇൻസ്ട്രക്ടർ ആയി

നിയോഗിക്കുപ്പെടുന്നവർ എസ്.പി.സി പദ്ധതി നടപ്പിലാക്കിയ സ്ക്കൂൾ പരിധിയിലെ സ്റ്റേഷനിൽ നിന്നുള്ള ഉദ്യോഗസ്ഥരാകുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

9. നാൽപ്പത് വയസിൽ കൂടാത്തവരും പരേഡ്/ഡ്രിൽ എന്നിവയിലും മറ്റും വൈഭവം ഉള്ളവരും നല്ല സ്വഭാവ ശീലം ഉള്ളവരെയുമായിരിക്കണം ഡ്രിൽ ഇൻസ്ട്രക്ടർമാരായി നിയോഗിക്കേണ്ടത്. ഇത്തരത്തിൽ നിയോഗിക്കുന്നവരെ രണ്ടു വർഷത്തിനുള്ളിൽ സ്ഥലം മാറ്റാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

10. ഡ്രിൽ ഇൻസ്ട്രക്ടർമാർക്കും, കമ്മ്യൂണിറ്റി പോലീസ് ഉദ്യോഗസ്ഥന്മാർക്കുമുള്ള ആവശ്യമായ പരിശീലന പദ്ധതികൾ സംഘടിപ്പിക്കേണ്ടതാണ്.

11. മറ്റു സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട് ആവശ്യമായ ഫണ്ട് രൂപീകരണത്തിനു വേണ്ടി അതാതു വകുപ്പ് മേധാവികളുമായി ബന്ധം സ്ഥാപിക്കേണ്ടതാണ്.

12. മൂന്നു മാസത്തിലൊരിക്കൽ എസ്.പി.സി നടത്തിപ്പിനോടനുബന്ധിച്ചുള്ള ജില്ലാ തലത്തിലുള്ള ഒരു അവലോകന റിപ്പോർട്ട് സ്റ്റേറ്റ് നോഡൽ ഓഫീസർ മുഖേന സ്റ്റേറ്റ് അഡ്വൈസറി കമ്മിറ്റിക്ക് അയക്കേണ്ടതാണ്.

13. ഒരു അസിസ്റ്റൻറ് കമാണ്ടൻറിൻെറ നേതൃത്വത്തിൽ എസ്.പി.സി പദ്ധതി നടപ്പിലാക്കിയ സ്ക്കുളുകൾ സന്ദർശ്ശിച്ച് PT, Parade എന്നിവയുടെ നടത്തിപ്പിനെക്കുറിച്ചും ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ചും എസ്.പി.സി കേഡറ്റുകൾക്ക് പറഞ്ഞുകൊടുക്കുന്നതിന് അവസരം ഉണ്ടാക്കേണ്ടതാണ്.

14. മാസത്തിൽ ഒരു തവണ **ജില്ല പോലീസ് മേധാവി** എസ്.പി.സി പദ്ധതി നടപ്പാക്കിയ ഒരു വിദ്യാലയം സന്ദർശിക്കേണ്ടതാണ്.

15. എസ്.പി.സിയുടെ സുഗമമായ നടത്തിപ്പിനായി ജില്ലാ പോലീസിൻെറ ലഭ്യമായ എല്ലാ സൗകര്യങ്ങളും ചെയ്യുകൊടുക്കേണ്ടതാണ്.

16. ജില്ലാ തല സമ്മർ ക്യാമ്പുകൾ എല്ലാ വർഷത്തിലും നടത്തുന്നുണ്ട് എന്നു ഉറപ്പു വരുത്തേണ്ടതാണ്.

17. എല്ലാ അധ്യയനവർഷാരംഭത്തിലും ബന്ധപ്പെട്ട DNO/ADNO/SDPO/CIs/ SHOs/DIs/Principal/ Headmaster/CPO/ACPO എന്നിവരുടെ ഒരു യോഗം വിളിച്ചു ചേർക്കേണ്ടതാണ്.

## ജില്ലാ നോഡൽ ഓഫീസറുടെ ചുമതലകൾ

1. എസ്.പി.സി പദ്ധതിയുടെ സുഗമമായ പ്രവർത്തനത്തിനു ജില്ലാ പോലീസ് മേധാവി സഹായിക്കേണ്ടതാണ്.
2. എസ്.പി.സി പദ്ധതിയുമായി ബന്ധപ്പെട്ട സ്ക്കൂളുകൾക്ക് പദ്ധതി നടത്തിപ്പിനായി ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും, സഹായ സഹകരണങ്ങളും നൽകേണ്ടതാണ്.
3. സ്റ്റുഡൻറ് പോലീസ് പദ്ധതിയുടെ ജില്ലയിലെ സുഗമമായ പ്രവർത്തനത്തിനായി ഉപ വിദ്യാഭ്യാസ ഡയറക്ടറുമായും, മറ്റു ഉപദേശക സമിതി അംഗങ്ങളുമായും നിരന്തരം ബന്ധം പുലർത്തേണ്ടതാണ്
4. ആക്റ്റിവിറ്റി കലണ്ടർ പ്രകാരമാണ് എസ് പി സി യുടെ പ്രവർത്തനങ്ങൾ നടക്കുന്നത് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.
5. എസ്.പി.സി പദ്ധതിയിലേക്ക് കേഡറ്റുകളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ CIs/SHOs/DIs/Principal/ Headmaster/CPO/ACPO എന്നിവരുടെ സഹായത്തോടെ നടത്തേണ്ടതും ആയതിനു മേൽ നോട്ടം വഹിക്കേണ്ടതുമാണ്.
6. വർഷത്തിൽ ഒരിക്കൽ എല്ലാ എസ്.പി.സി സ്ക്കൂളുകളിലും പരിശോധന നടത്തേണ്ടതും, പരിശോധന റിപ്പോർട്ട് ജില്ലാ പോലീസ് മേധാവി മുഖേന സറ്റേറ്റ് നോഡൽ ഓഫീസർക്ക് അയക്കേണ്ടതുമാണ്. **ഈ സമയം തൻ വർഷത്തേയും മുൻ വർഷത്തേയും കണക്കുകളും ധന വിനിയോഗവും പരിശോധിക്കേണ്ടതാണ്.**

7. എല്ലാ മാസവും DI/CPO/ACPO എന്നിവരെ ഉൾപ്പെടുത്തി കോൺഫറൻസ് നടത്തേണ്ടതാണ്.

8. എല്ലാ മാസവും ക്രൈം കോൺഫറൻസ് നടക്കുന്ന ദിവസമോ (ക്രൈം കോൺഫറൻസിനു മുൻപോ ശേഷമോ) മറ്റൊരു ദിവസമോ CIs/SHOs എന്നിവരെ ഉൾപ്പെടുത്തി എസ്.പി.സി യുമായ ബന്ധപ്പെട്ട വിഷയങ്ങൾ അവലോകനം ചെയ്യേണ്ടതാണ്.

9. എസ്.പി.സി പദ്ധതിയുടെ ജില്ലാതല ഓഫീസ് ആരംഭിക്കേണ്ടതും എസ്.പി.സി പദ്ധതിയുടെ എല്ലാ രേഖകളും നല്ല രീതിയിൽ സൂക്ഷിക്കേണ്ടതുമാണ്.

10. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും മറ്റു വകുപ്പുകളിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്നതിനു വേണ്ടി പദ്ധതികൾ/രൂപരേഘ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

11. എസ്.പി.സി പദ്ധതിയുടെ റിപ്പോർട്ടുകൾ യഥാസമയം ശേഖരിക്കേണ്ടതും അവ സറ്റേറ്റ് നോഡൽ ഓഫീസർക്ക് അയച്ചു കൊടുക്കേണ്ടതുമാണ്.

12. സേനയിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു ജില്ലാതല നിരീക്ഷക സംഘത്തെ രൂപവൽക്കരിക്കേണ്ടതും, PT, Parade എന്നിവയുടെ നിലവാരം ഉറപ്പുവരുത്തേണ്ടതുമാണ്.

## <u>സബ് ഡിവിഷണൽ ഓഫീസർമാരുടെ ചുമതലകൾ.</u>

1. എസ്.പി.സി പദ്ധതി നടപ്പിലാക്കിയിട്ടുള്ള സ്ക്കൂളുകളിൽ പദ്ധതിയുടെ പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തേണ്ടതാണ്.

2. എസ്.പി.സി പദ്ധതിയുടെ ഫണ്ട് യഥാവിധി ഉപയോഗിക്കുന്നുണ്ട് എന്നു ഉറപ്പു വരുത്തേണ്ടതുമാണ്.

3. സി.ഐ ഓഫീസ് പരിശോധന നടത്തുന്ന സമയങ്ങളിൽ സി.ഐ ഓഫീസുകളിൽ എസ്.പി.സി പദ്ധതിയുമായി ബന്ധപ്പെട്ട് സൂക്ഷിച്ചിരിക്കുന്ന ഫയലുകളും രേഖകളൂം പരിശോധിക്കേണ്ടതുമാണ്.

4. മാസം തോറും നടത്തേണ്ട ക്രൈം കോൺഫറൻസിനോടൊപ്പം, എസ്.പി.സി പദ്ധതിയുടെ പ്രവർത്തനങ്ങളുടെ അവലോകനവും നടത്തേണ്ടതാണ്.

5. എസ്.പി.സി യുമായി ബന്ധപ്പെട്ട പദ്ധതികൾ രൂപീകരിക്കേണ്ടതും എല്ലാ പ്രവർത്തനങ്ങളിലും പങ്കെടുക്കേണ്ടതും, എല്ലാ സഹായ സഹകരണങ്ങളും ചെയ്യു കൊടുക്കേണ്ടതുമാണ്.

6. ഓരോ മാസവും ഒരു എസ്.പി.സി പദ്ധതി നടപ്പിലാക്കിയ സ്ക്കുളിലെങ്കിലും സന്ദർശനം നടത്തേണ്ടതാണ്.

7. ആക്റ്റിവിറ്റി കലണ്ടർ പ്രകാരം ആണ് എസ്.പി.സി യുടെ പ്രവർത്തനങ്ങൾ നടക്കുന്നത് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## <u>സർക്കിൾ ഇൻസ്പെക്ടർ മാരുടെ ചുമതലകൾ</u>

1. എസ്.പി.സി പദ്ധതി നടപ്പിലാക്കിയിട്ടുള്ള സ്ക്കുളുകളിൽ എസ്.പി.സി പദ്ധതിയുടെ മുഴുവൻ പ്രവർത്തന ചുമതലകളും, അതാതു സി.ഐ (പൊലീസ് സ്റ്റുഡൻറ് ലൈയ്സൺ ഓഫീസർ) മാർക്കായിരിക്കും.

2. എല്ലാ മാസവും ഒരു തവണയെങ്കിലും സ്ക്കൂൾ തല ഉപദേശക സമിതി യോഗം ചേരേണ്ടതാണ്.

3. ആക്റ്റിവിറ്റി കലണ്ടർ പ്രകാരം ആണ്, എസ്.പി.സി യുടെ പ്രവർത്തനങ്ങൾ നടക്കുന്നത് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

4. എസ്.പി.സി പദ്ധതിയിലേക്ക് കേഡറ്റുകളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ CIs/SHOs/DIs/Principal/Headmaster/CPO/ACPO എന്നിവരുടെ സഹായത്തോടെ

നടത്തേണ്ടതും കേഡറ്റുകളെ തിരഞ്ഞെടുക്കു ന്നതിനോടനുബന്ധിച്ചുള്ള എല്ലാ രേഖകളും (അപേക്ഷ തള്ളിയ രേഖകൾ ഉൾപ്പടെ) സൂക്ഷിക്കേണ്ടതാണ്.

5. അർദ്ധ വാർഷിക പരിശോധന നടത്തേണ്ടതും, റിപ്പോർട്ടുകൾ സ്റ്റേറ്റ് നോഡൽ ഓഫീസർക്ക് ഉചിത മാർഗ്ഗേന (SDPO മുഖേന) അയച്ചു കൊടുക്കേണ്ടതുമാണ്. ഒരു കോപ്പി ഡി.എൻ.ഒ ക്കും അയച്ചു കൊടുക്കേണ്ടതുമാണ്.

6. എല്ലാ മാസവും, PT യും, Parade ഉം നടക്കുന്ന സമയങ്ങളിൽ എസ്.പി.സി സ്ക്കൂളുകളിൽ സി.ഐ മാർ സന്ദർശനം നടത്തേണ്ടതും ആയതിന്റെ റിപ്പോർട്ട് ഡി.എൻ.ഒ ക്ക് അയച്ചു കൊടുക്കേണ്ടതുമാണ്.

7. സ്ക്കൂൾ തല ഉപദേശക സമിതിയുടെ സഹായത്തോടെ സ്ക്കൂൾ തല അവധിക്കാല ക്യാമ്പ് സംഘടിപ്പിക്കേണ്ടതാണ്.

8. PT യും, Parade ഉം സുഗമമായി നടത്തുന്നതിനു വേണ്ടി കുറഞ്ഞത് ഒരോ സ്ക്കൂളിനും, രണ്ടു ഡ്രിൽ ഇൻസ്ട്രക്റ്റർമാരെ നിയമിക്കേണ്ടതാണ്. സ്ക്കൂളുകളിൽ വനിത കേഡറ്റുകൾ ഉണ്ടെങ്കിൽ ഡ്രിൽ ഇൻസ്ട്രക്ടർമാരായി ഒരു വനിത സിവിൽ പോലീസ് ഓഫീസറെ നിയമിക്കേണ്ടതും, ഡ്രിൽ ഇൻസ്ട്രക്ടർമാരുടെ പ്രവർത്തനം വിലയിരുത്തേണ്ടതുമാണ്.

9. ഇൻഡോർ, ഔട്ട് ഡോർ ക്ലാസുകൾ സംഘടിപ്പിക്കേണ്ടതാണ്.

10. എസ്.പി.സി ഫണ്ടിന്റെ ഉപയോഗം ശരിയായ വിധത്തിലാണെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

11. എസ്.പി.സി പദ്ധതിയെ സംബന്ധിച്ച രേഖകൾ നല്ല രീതിയിൽ സൂക്ഷിക്കേണ്ടതാണ്.

12. ഓരോ സ്ക്കൂളിന്റേയും ഓരോ മാസത്തേയും പ്രവർത്തന അവലോകന റിപ്പോർട്ട് അടുത്ത മാസം നാലാം തിയ്യതിക്കകം ഡി.എൻ.ഒ ക്ക് അയച്ചു കൊടുക്കേണ്ടതാണ്.

13. എസ്.പി.സി കേഡറ്റുകളുടേ അച്ചടക്കവും, പ്രവർത്തന മികവും ഉറപ്പു വരുത്തുവാൻ വേണ്ട നിർദ്ദേശങ്ങൾ ഡ്രിൽ ഇൻസ്ട്രക്ടർമാർക്ക് നൽകേണ്ടതാണ്.

14. എസ്.പി.സി കേഡറ്റുകളുടെ പ്രധാനപ്പെട്ട സ്ഥലങ്ങളിലേക്കുള്ള സന്ദർശനങ്ങൾ ഏകോപിപ്പിക്കേണ്ടതും, ആവശ്യമായ സഹായ സഹകരണങ്ങൾ ചെയ്തു കൊടുക്കേണ്ടതുമാണ്.

15. സർക്കാർ ഉത്തരവ് നമ്പർ (പി) 121/2010/ആഭ്യന്തരം തിയ്യതി 25.09.10ൽ പറയുന്ന എല്ലാ ഡ്യൂട്ടികളും, ഉത്തരവാദിത്വവും, ചെയ്യുവാൻ ബാധ്യസ്ഥനാണ്.

16. PT ക്കും, Parade നും, ആവശ്യമായ ഡ്രിൽ ഇൻസ്ട്രക്ടർമാരെ നിയോഗിച്ചിട്ടുണ്ട് എന്നും അവർ ആ പ്രവൃത്തി കൃത്യമായി ചെയ്യുന്നുണ്ടെന്നും ഉറപ്പു വരുത്തേണ്ടതാണ്.

17. ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ എസ്.പി.സി സ്ക്കൂൾ സന്ദർശന വേളയിൽ സ്വന്തം സാന്നിധ്യം ഉറപ്പു വരുത്തേണ്ടതാണ്.

## <u>എസ് എച് ഒ മാരുടെ ചുമതലകൾ</u>

1. പോലീസ് സ്റ്റേഷൻ പരിധിയിലെ എസ്.പി.സി പദ്ധതിയുടെ നടത്തിപ്പിന്റെ ഉത്തരവാദിത്വം അതാത് എസ്.എച്.ഒമാർക്കായിരിക്കും. എസ്.പി.സി പദ്ധതിയുടെ സുഗമമായ നടത്തിപ്പിലേക്കായി സി.ഐ (പി.എസ്.എൽ.ഒ) മാരെ സഹായിക്കേണ്ടതാണ്.

2. PT ക്കും, Parade നും, ആവശ്യമായ ഡ്രിൽ ഇൻസ്ട്രക്ടർമാരെ നിയോഗിച്ചിട്ടുണ്ട് എന്നും അവർ ആക്റ്റിവിറ്റി കലണ്ടർ പ്രകാരമാണ് ക്ലാസ്സുകൾ എടുക്കുന്നത് എന്നും ഉറപ്പു വരുത്തേണ്ടതാണ്.

3. എസ്.പി.സി പദ്ധതി നടപ്പിലാക്കിയിട്ടുള്ള സ്ക്കൂളുകളിൽ ഇടക്കിടെ സന്ദർശനം നടത്തേണ്ടതും, ഡ്രിൽ ഇൻസ്ട്രക്ടർമാരുടേയും, കേഡറ്റുകളുടേയും പ്രവർത്തനം വിലയിരുത്തേണ്ടതുമാണ്.

4. സി.ഐ മാരുടെ (പി.എസ്.എൽ.ഒ) അഭാവത്തിൽ എസ്.പി.സി പദ്ധതിയുമായി ബന്ധപ്പെട്ട സി.ഐ മാരുടെ ചുമതലകൾ എസ്.എച്.ഒ മാർ നിർവ്വഹിക്കേണ്ടതാണ്.

5. സ്ക്കൂൾ തലത്തിൽ എസ്.പി.സി ക്യാമ്പ് നടത്തേണ്ടതാണ്.

6. എസ്.പി.സി കേഡറ്റുകൾക്ക് പോലീസ് സ്റ്റേഷൻ സന്ദർശന വേളയിലും, മറ്റു പ്രധാനപ്പെട്ട സ്ഥലങ്ങൾ സന്ദർശിക്കുന്ന അവസരങ്ങളിലും, വേണ്ട സഹായ സഹകരണങ്ങൾ ചെയ്തു കൊടുക്കേണ്ടതാണ്.

7. സ്ക്കൂൾ തലത്തിൽ എസ്.പി.സി പദ്ധതിയുടെ പ്രവർത്തനങ്ങളെ (PT, Parade) പ്രതികൂലമായി ബാധിക്കാത്ത വിധത്തിലായിരിക്കണം ഡ്രിൽ ഇൻസ്ട്രക്ടർമാരെ നൈറ്റ് ഡ്യൂട്ടിക്കും, സ്പെഷ്യൽ ഡ്യൂട്ടിക്കുമായി നിയോഗിക്കേണ്ടത്.

## ഡ്രിൽ ഇൻസ്ട്രക്ടർമാരുടെ ചുമതലകൾ

1. ആക്റ്റിവിറ്റി കലണ്ടർ പ്രകാരം എസ്.പി.സി കാഡറ്റുകൾക്ക് PT യും, Parade ഉം നടത്തേണ്ടതാണ്.
2. എസ്.പി.സി പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളിലും അന്തസ്സുള്ള വസ്ത്രം ധരിച്ചിരിക്കുന്നതിനും കാഡറ്റുകളോട് മാന്യമായി പെരുമാറുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.
3. സ്ക്കൂൾ തലത്തിൽ മാസം തോറുമുള്ള എസ്.പി.സി പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കുന്നതിൽ സി.പി.ഒ മാരെ സഹായിക്കേണ്ടതാണ്.
4. എസ്.പി.സി കേഡറ്റുകളുടെ അച്ചടക്കം ഉറപ്പു വരുത്തേണ്ടതാണ്.
5. എസ്.പി.സി യുമായി ബന്ധപ്പെട്ട രേഖകൾ തയ്യാറാക്കുന്നതിനു സി.പി.ഒ മാരെ സഹായിക്കേണ്ടതാണ്.
6. എസ്.പി.സി കേഡറ്റുകൾ എസ്.പി.സി പദ്ധതിയുമായുള്ള പ്രവർത്തനങ്ങളിൽ പങ്കെടുക്കുമ്പോൾ കേഡറ്റുകളോടൊപ്പം ഉണ്ടാകേണ്ടതാണ്.
7. ഉയർന്ന ഉദ്യോഗസ്ഥരുടെ എസ്.പി.സി സ്ക്കൂൾ പരിശോധന വേളയിൽ സി.പി.ഒ മാരെ സഹായിക്കേണ്ടതാണ്.
8. അതാത് സ്ക്കൂളുകളിലെ എസ്.പി.സി കേഡറ്റുകളുടെ PT യുടേയും Parade ന്റേയും പ്രവർത്തന മികവ് അതാത് സി.ഐ (പി.എസ്.എൽ.ഒ) മാരെ അറിയിക്കേണ്ടതാണ്.
9. സ്വന്തം പെരുമാറ്റത്തിലും കുട്ടികളോടുള്ള പെരുമാറ്റത്തിലും വളരെ ഉയർന്ന നിലവാരം കാത്തു സൂക്ഷിക്കേണ്ടതാണ്.

Sd/

**സംസ്ഥാന പോലീസ് മേധാവി**

To

List 'B' യിലുള്ള എല്ലാ ഓഫീസർമാർക്കും അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി.

പോലീസ് ആസ്ഥാനത്തെ എല്ലാ ഉദ്യോഗസ്ഥൻമാരുടേയും CA മാർക്കും അറിവിലേയ്ക്ക്.